# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2796 — 10-12-2014-ൽ ഭാഗിക മറുപടി നൽകിയതിന് പൂർണ്ണ മറുപടി

## ഫാക്ടറി തൊഴിലാളികളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജു | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ എത്ര ഫാക്ടറികളും തൊഴിലാളികളും ഉണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര അന്യ സംസ്ഥാന തൊഴിലാളികൾ തൊഴിൽ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ഫാക്ടറികൾ - 21,768<br>തൊഴിലാളികൾ - 6,46,923<br>ഫാക്ടറികളിൽ ജോലി ചെയ്യുന്ന അന്യ സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച കൃത്യമായ വിവരം ശേഖരിച്ച സൂക്ഷിച്ചിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫാക്ടറി ജീവനക്കാർ ജോലിക്കിടെ മരണപ്പെട്ടിട്ടുണ്ടെന്നും ഇതിൽ എത്രപേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ? | (ബി) 86 പേർ; ഇതിൽ 49 പേരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ഓഫീസിൽ 28 അപേക്ഷകൾ ലഭ്യമായതിൽ 27 പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയതും, കൊല്ലം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ ലഭ്യമായ 43 അപേക്ഷകളിൽ 22 പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയതും ഇതിൽപ്പെടുന്നു. കൂടാതെ കോഴിക്കോട്, പാലക്കാട്, ഇടുക്കി ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ഓഫീസുകൾ മുമ്പാകെ ഓരോ കോമ്പൻസേഷൻ കേസുകൾ തീർപ്പാക്കേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ

ള